പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 673 | 11.06.2014- ലെ മറുപടിക്ക് |
|---|---|

## മായം ചേർക്കുന്നത് തടയൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഭക്ഷ്യവസ്തുക്കളിൽ വർദ്ധിച്ചു വരുന്ന മായം ചേർക്കൽ , കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിലും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൂടി 98 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിക്കുകയും കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലേക്ക് മാറ്റുകയും ചെയ്തിരുന്നു. ആയത് ഉപയോഗപ്പെടുത്തി നിയമസഭയുടെ Subordinate Legislative Committee യുടെ ശുപാർശപ്രകാരം എല്ലാ നിയോജകമണ്ഡലത്തിലും ഒരു ഫുഡ് സേഫ്റ്റി ഓഫീസ് എന്ന രീതിയിൽ പുനക്രമീകരിച്ച് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| ബി) | 2014 മെയ് 29-ാം തീയതി വരെ എത്ര മായം ചേർക്കൽ കേസ്സുകൾ എടുത്തുവെന്ന് വ്യക്തമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം 104 കേസ്സുകൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) | മായം ചേർക്കൽ തടയുന്നതിന് ഫലപ്രദമായ നിയമത്തിന്റെ അപര്യാപ്തതയുണ്ടോ; ഇവയ്ക്ക് നൽകുന്ന പരമാവധി ശിക്ഷയിലും പിഴയിലും കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിന് നിയമത്തിൽ ഭേദഗതി കൊണ്ടുവരുമോ; | സി) | നിലവിലുണ്ടായിരുന്ന വിവിധ മായം ചേർക്കൽ നിരോധന നിയമങ്ങളുടെ അപര്യാപ്തതകൾ പരിശോധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സമഗ്രമായ ഒരു നിയമമാണ് നിലവിലുള്ള 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം. ടി നിയമത്തിൽ ജീവപര്യന്തം തടവും 10 ലക്ഷം രൂപവരെ പിഴയും ഈടാക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. ഈ നിയമത്തിൽ എതെങ്കിലും തരത്തിലുള്ള ഭേദഗതി വരുത്തുവാനുള്ള അധികാരം പാർലമെന്റിൽ മാത്രം നിക്ഷിപ്തമായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| ഡി) | മായം ചേർക്കുന്നതും വ്യത്തീഹിനമായ അവസ്ഥയിൽ ഭക്ഷ്യവസ്തുക്കൾ പാകം ചെയ്യുന്നതും തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനം കൈകൊള്ളാൻ തയ്യാറാകുമോ? | ഡി) | നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കഴിയുന്നതല്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഈ കാര്യത്തിൽ അത്യാന്താപേക്ഷിതമാണ്. |

**സെക്ഷൻ ഓഫീസർ**